LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി ഇക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് സ.ഉ.(എംഎസ്) നമ്പർ 90/13/ തസ്വഭവ തീയതി 14/3/2013 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽനിന്ന് വായ്പ എടുക്കുന്നതിന് 24-5-2013 തീയതിയിലെ സ.ഉ.(കൈ) 193/13/തസ്വഭവ, 13-6-2013 തീയതിയിലെ 220/2013/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു.

(ബി) വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് 2011-12 വർഷത്തെ വായ്പാത്തുകയുടെ തിരിച്ചടവ് സംബന്ധിച്ച് സ.ഉ. (കൈ)നമ്പർ 332/13/തസ്വഭവ തീയതി 9-10-2013 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2011-12 വർഷത്തെ ബാധ്യത പരിഹരിക്കുന്നതിന് എടുത്ത വായ്പാ തുകയുടെ മുതൽ പത്ത് തുല്യഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും (ജനറൽ, എസ്.സി.പി., റ്റി.എസ്.പി) തിരിച്ചടയ്ക്കുന്നതിനും 11.25% വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി മുതൽ ഇക പ്രോജക്ട് വച്ച് പ്ലാൻ ഫണ്ടിൽനിന്നും തിരികെ അടച്ചുവരികയാണ്.

(ഡി) വായ്പാത്തുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

27 (*147) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വകുപ്പ് വഴി കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്ന തുക ശാസ്ത്രീയമായും സമയബന്ധിതമായും ഫലപ്രദമായും പദ്ധതികൾ ആവിഷ്കരിച്ച് വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി വകുപ്പിന്റെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർ മിഷൻ അപ്രോച്ചിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ന്യൂനപക്ഷ ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉടനീളം 903 ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുകയുണ്ടായി. ഇവർ അതാത് പ്രദേശത്തെ ന്യൂനപക്ഷ ക്ഷേമ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് വകുപ്പിന്റെ പദ്ധതികളെപ്പറ്റി വിവരങ്ങൾ നൽകുകയും അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

2. സംസ്ഥാനത്തൊട്ടാകെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആനുകൂല്യങ്ങളെയും അവകാശങ്ങളെയും പറ്റി അവർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു.

3. ദൂരദർശൻ, ആകാശവാണി, പത്രമാധ്യമങ്ങൾ എന്നിവ മുഖാന്തരം ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

4. വകുപ്പിന്റെ പദ്ധതികളെയും പ്രവർത്തനങ്ങളെയുംപറ്റി പൊതുജനങ്ങളെ അറിയിക്കുന്നതിനായി വിശദമായ ബ്രോഷറുകൾ തയ്യാറാക്കുകയും ഫലപ്രദമായി അവ അർഹരായവർക്കിടയിൽ എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. സന്നദ്ധ സംഘടനകൾ, ന്യൂനപക്ഷ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധ പരിപാടികളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് ജനങ്ങൾക്ക് അവബോധം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) ഇപ്പോൾ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്കുപുറമെ കാലക്രമേണ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം**

28 (*148) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം, അവരുടെ ജീവിത സാഹചര്യം, തൊഴിൽ എന്നിവ വ്യക്തമാക്കുന്ന ഔദ്യോഗിക രേഖകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷയ്ക്കുമായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) അവർക്ക് അർഹമായ പുനരധിവാസം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും സർക്കാർ പദ്ധതികളോ ലക്ഷ്യങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ)</u>:

(എ) ഇല്ല. എന്നാൽ കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ബി) ട്രാൻസ്ജെന്റർ വിഭാഗത്തിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ട്രാൻസ്ജെന്റർ വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly